# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.168 — 3.02.2020 ലെ മറുപടിയ്ക്ക്

## വാഹനാപകടങ്ങൾ

| ചോദ്യം<br>ശ്രീ.അനിൽ അക്കര | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | വാഹനാപകടങ്ങൾ മൂലമുള്ള മരണം വർഷം തോറും വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | കഴിഞ്ഞ 3 വർഷത്തെ സംസ്ഥാനത്തെ റോഡപകട കണക്കുകൾ പരിശോധിച്ചതിൽ വാഹനാപകടങ്ങൾ മൂലമുള്ള മരണം വർഷം തോറും നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>**വർഷം** — **വാഹനാപകട മരണം**<br>2017 — 4131<br>2018 — 4303<br>2019 — 4439 |
| (ബി) | 2019 ൽ സംസ്ഥാനത്തുണ്ടായ വാഹനാപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടുവെന്നും, എത്രപേർക്ക് ഗുരുതരമായി പരിക്കേറ്റുവെന്നും വ്യക്തമാക്കുമോ; | (ബി) | 2019-ൽ സംസ്ഥാനത്തുണ്ടായ വാഹനാപകടങ്ങളിൽ 4439 പേർ മരണപ്പെടുകയും 32571 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. |
| (സി) | ഗതാഗത നിയമങ്ങൾ കർശനമായി പാലിക്കുന്നതിൽ ഉണ്ടായിട്ടുള്ള വീഴ്ചയാണ് അപകടങ്ങൾ വർദ്ധിക്കുന്നതിനുള്ള കാരണമെന്ന് വിലയിരുത്തുന്നുണ്ടോ; | (സി) | അപകടങ്ങൾ വർദ്ധിക്കുന്നതിനുള്ള കാരണം ഗതാഗത നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിൽ ഉണ്ടായിട്ടുള്ള വീഴ്ചമൂലമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വാഹന ഉപഭോക്താക്കൾ അശ്രദ്ധമായ ഡ്രൈവിംഗ്, അമിതമായ സ്പീഡ്, മദ്യപിച്ച് വാഹനമോടിക്കൽ തുടങ്ങിയ കാരണങ്ങളാൽ മിക്ക അപകടങ്ങളും ഉണ്ടാകുന്നത് കണക്കിലെടുത്ത് അത്തരത്തിലുള്ള നിയമലംഘനങ്ങൾ തടയുന്നതിന് കാര്യക്ഷമമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഗതാഗത നിയമലംഘനങ്ങൾക്ക് വൻതുക പിഴ ഈടാക്കിയ കാലത്ത് വാഹനാപകടങ്ങളുടെ തോത് കുറഞ്ഞിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ? | (ഡി) | ഗതാഗത നിയമ ലംഘനങ്ങൾക്ക് പിഴത്തുക വർദ്ധിപ്പിച്ചതിനുശേഷം ഉണ്ടായ വാഹനാപകടങ്ങളുടെ കണക്കുകൾ പരിശോധിച്ചതിൽ 2018 നെക്കാൾ 2019 ൽ വാഹനാപകടങ്ങളുടെ തോതിൽ നേരിയ വർദ്ധനവ് കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു. |

| **കാലയളവ്** | **റോഡപകടങ്ങൾ** |
|---|---|
| 26.10.2018 മുതൽ 31.12.2018 വരെ | 7391 |
| 26.10.2019 മുതൽ 31.12.2019 വരെ | 7398 |

**സെക്ഷൻ ഓഫീസർ**